**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 127241/DOA-ASST-8/2026/Admn

തീയതി: 25.06.2026

**സർക്കുലർ**

വിഷയം:- 2026-27 അധ്യയന വർഷ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന് , അഞ്ച് സെമസ്റ്ററുകളിലെ കോളേജ് ട്രാൻസ്ഫർ - അഫിലിയേറ്റഡ് കോളേജുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.

സൂചന :- 2026-27 അധ്യയന വർഷത്തെ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന് , അഞ്ച് സെമസ്റ്ററുകളിലെ കോളേജ് ട്രാൻസ്ഫർ വിജ്ഞാപനം.

1) 2026-27 അധ്യയന വർഷത്തെ കോളേജ് ട്രാൻസ്ഫറിനായി നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന് , അഞ്ച് സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) 25.06.26 മുതൽ 30.06.26 12 P.M വരെ, അഡ്മിഷൻ വിഭാഗത്തിന്റെ പോർട്ടലിൽ (https://admission.uoc.ac.in/) ലഭ്യമായ FYUGP COLLEGE / UNIVERSITY TRANSFER എന്ന ലിങ്ക് ക്ലിക്ക് ചെയ്ത്, വിദ്യാർത്ഥികൾ ക്യാപ്പ് ഐഡി, സെക്യൂരിറ്റി കീ എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3) ഇന്റർ കോളേജ് മേജർ മാറ്റം / മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും, ആവശ്യമായ സഹായവും അതാത് കോളേജുകളിലെ അക്കാഡമിക് കോർഡിനേറ്റമാരും, അഡ്മിഷൻ നോഡൽ ഓഫീസമാരും വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

4) മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ അനുവദനീയമാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

5) 2026-27 അധ്യയന വർഷത്തെ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ കോളേജ് ട്രാൻസ്ഫർ വിജ്ഞാപനം, മാർഗ്ഗ നിർദ്ദേശം, ഷെഡ്യൂൾ എന്നിവ കോളേജുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

Rajeevan Mundayat Valappil
ഡെപ്യൂട്ടി രജിസ്ട്രാർ

UNIVERSITY OF CALICUT

(DOA)

No: 127241/DOA-ASST-8/2026/Admn　　　　Dated,Calicut University P.O 25.06.2026

**NOTIFICATION**

2026-27 അധ്യയന വർഷത്തെ കോളേജ് ട്രാൻസ്ഫറിനായി നാല്യ വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന് , അഞ്ച് സെമസ്റ്ററുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്നു. മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ മാറ്റം / മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ എന്നിവ അനുവദനീയമാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്.

കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പടെ കാലിക്കറ്റ് സർവകലാശാലക്ക് കീഴിലെ കോളേജുകളിലേക്കു ട്രാൻസ്ഫറിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സർവകലാശാലാ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓട്ടോണമസ് കോളേജുകൾ **ഒഴികെയുള്ള** മറ്റ് അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് കോളേജ് ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്ത് കോളേജ് - മേജർ ഓപ് ഷനുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

| | |
|---|---|
| വെബ്സൈറ്റ് | https://admission.uoc.ac.in/admission?pages=Transfer |
| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി | 25.06.26 |
| അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 30.06.26 12 P.M |
| ഫീസ് | Rs. 55 /- |

നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത:

(a) കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച മുഴുവൻ സെമസ്റ്ററുകളുടെയും പരീക്ഷാ രജിസ്ട്രേഷൻ വിദ്യാർത്ഥി പൂർത്തീകരിച്ചിരിക്കണം.

(b) കൂടാതെ തൊട്ടുമുൻപത്തെ സെമസ്റ്ററിൽ (immediately preceding semester) കുറഞ്ഞത് കണ്ടോണബിൾ പരിധിയിലുള്ള ഹാജർ വിദ്യാർത്ഥി നേടിയിരിക്കണം (APC within Condonable limit ).

(C) കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച സെമസ്റ്ററുകളിൽ കുറഞ്ഞത് 4 ക്രെഡിറ്റ് നേടിയിട്ടുള്ള മൈനർ വിഷയങ്ങളിൽ ഒന്നിലേക്കോ, അല്ലെങ്കിൽ കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് ടി സെമസ്റ്ററുകളിൽ കുറഞ്ഞത് 3 ക്രെഡിറ്റുകൾ നേടിയിട്ടുള്ള മൾട്ടി ഡിസിപ്ലിനറി കോഴ്സ് (എംഡിസി) ലേക്കു മാത്രമേ വിദ്യാർഥികൾക്ക് മേജർ സ്വിച്ചിങ് നടത്താൻ അനുവാദമുള്ളൂ.

- നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ പഠന കാലയളവിൽ ഒരു വിദ്യാർത്ഥിയ്ക്ക് ഒരു തവണ മാത്രമേ കോളേജ് ട്രാൻസ്ഫറിന് അർഹതയുള്ളൂ. ആയതിനാൽ മുൻ സെമസ്റ്ററുകളിൽ മേജർ മാറ്റത്തോട് കൂടിയോ അല്ലാതെയോ കോളേജ് ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ വീണ്ടും കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.
- Discontinued / Year out ആയ വിദ്യാർത്ഥികൾക്ക്, FYUGP റെഗുലേഷനിലെ വ്യവസ്ഥകൾക്ക് വിധേയമായി റീ - അഡ്മിഷനോടുകൂടിയ കോളേജ് ട്രാൻസ്ഫർ അനുവദനീയമാണ് .
- പരീക്ഷാ ക്രമക്കേടിന് ആരോപണ വിധേയരായ വിദ്യാർത്ഥികൾ (Suspected Malpractice) കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.
- അഞ്ചാം സെമസ്റ്ററിൽ മേജർ മാറ്റത്തോടെ കോളേജ് ട്രാൻസ്ഫർ നടത്തുന്നതിന് അനുമതിയില്ല.
- CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
- നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ , ഇൻറർ കോളേജ് മേജർ മാറ്റം / കോളേജ് മാറ്റം എന്നിവ സംബന്ധിച്ച സർവകലാശാലാ നിയമങ്ങൾ അപേക്ഷകർക്ക് ബാധകമായിരിക്കുന്നതാണ്.
- സർവകലാശാലയുടെ കോളേജ് ട്രാൻസ്ഫർ പ്രക്രിയയിൽ ഉൾപ്പെടുന്ന ഓട്ടോണമസ് കോളേജുകൾ

**<u>അഞ്ചാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ</u>**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD
5) AMAL COLLEGE OF ADVANCED STUDIES, SANTHIGRAMAM NILAMBUR , MALAPPURAM
6) GEMS ARTS AND SCIENCE COLLEGE, RAMAPURAM , , MALAPPURAM
7) NAIPUNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY, KORATTY , THRISSUR
8) POCKER SAHIB MEMORIAL ORPHANAGE (PSMO) COLLEGE, TIRURANGADI , MALAPPURAM
9)SAHRDAYA COLLEGE OF ADVANCED STUDIES, KODAKARA, , THRISSUR
10) LITTLE FLOWER COLLEGE, GURUVAYOOR , THRISSUR

**<u>മൂന്നാം സെമസ്റ്റർ കോളേജ് ട്രാൻസ്ഫർ (മേജർ സ്വിച്ചിങ് ഉൾപ്പടെ )</u>**

1) KORAMBAYIL AHAMMED HAJI MEMORIAL UNITY WOMEN'S COLLEGE, MANJERI , MALAPPURAM
2) SULLAMUSSALAM SCIENCE COLLEGE , AREAKODE , MALAPPURAM
3) M.E.S PONNANI , MALAPPURAM
4) M.E.S KALLADI COLLEGE, MANNARKKAD , PALAKKAD

Prof.(Dr.) Sebastian C. D.
Registrar

To

ഓട്ടോണമസ് ഉൾപ്പടെയുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / പരീക്ഷ കൺട്രോളറുടെ പി എ / ഡയറക്ടർ CUCC / ഡെപ്യൂട്ടി രജിസ്ട്രാർ ജി & എ വിഭാഗം / പി ആർ ഒ / സുവേഗ.

**2026 അധ്യയന വർഷ കോളേജ് ട്രാൻസ്ഫർ - പൊതു മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച്.**

127241/DOA-ASST-8/2026/Admn

25.06.2026

1) വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ നിലനിൽക്കുന്ന സീറ്റ് വേക്കൻസി സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീറ്റ് വേക്കൻസി നിലനിൽക്കുന്ന കോളേജ് / പ്രോഗ്രാമിലേക്ക് മാത്രമേ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കാൻപാടുള്ളൂ.

2) കോളേജ് ട്രാൻസ്ഫറിനായി സമർപ്പിക്കുന്ന അപേക്ഷകളിലെ മുൻ സെമസ്റ്ററുകളുടെ മേജർ / മൈനർ / എം. ഡി. സി. കോഴ്സ് / പേപ്പറുകൾ , ഇവയുടെ Grade Point , SGPA എന്നിവ കൃത്യമാണെന്നും പിശകില്ലാത്തതാണെന്നും അപേക്ഷാ സമർപ്പണവേളയിൽ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങളോടെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

3) നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ അഞ്ചാം സെമസ്റ്ററിൽ എഫ്.വൈ.യു.ജി.പി. റെഗുലേഷൻ പ്രകാരം മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫറിന് മാത്രമാണ് അനുമതിയുള്ളത്. മേജർ മാറ്റത്തോടെയുള്ള കോളേജ് ട്രാൻസ്ഫർ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ മാത്രമാണ് അനുവദിക്കുക.

4) നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത:

(a) കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച മുഴുവൻ സെമസ്റ്ററുകളുടെയും പരീക്ഷാ രജിസ്ട്രേഷൻ വിദ്യാർത്ഥി പൂർത്തീകരിച്ചിരിക്കണം.

(b) കൂടാതെ തൊട്ടുമുൻപത്തെ സെമസ്റ്ററിൽ (immediately preceding semester) കുറഞ്ഞത് കണ്ടോണബിൾ പരിധിയിലുള്ള ഹാജർ വിദ്യാർത്ഥി നേടിയിരിക്കണം (APC within Condonable limit ).

(C) കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് കോളേജ് ട്രാൻസ്ഫർ വിജ്ഞാപന തീയതിയ്ക്ക് മുൻപായി സർവകലാശാല പ്രസിദ്ധീകരിച്ച സെമസ്റ്ററുകളിൽ കുറഞ്ഞത് 4 ക്രെഡിറ്റ് നേടിയിട്ടുള്ള മൈനർ വിഷയങ്ങളിൽ ഒന്നിലേക്കോ , അല്ലെങ്കിൽ കുറഞ്ഞത് ഒരു കോഴ്സ് അറ്റൻഡ് ചെയ്ത് ടി സെമസ്റ്ററുകളിൽ കുറഞ്ഞത് 3 ക്രെഡിറ്റുകൾ നേടിയിട്ടുള്ള എംഡിസിയിലേക്കോ മാത്രമേ വിദ്യാർഥികൾക്ക് മേജർ സ്വിച്ചിങ് നടത്താൻ അനുവാദമുള്ളൂ.

5) റാങ്ക് പട്ടിക തയ്യാറാക്കുന്ന വിധം

ബന്ധപ്പെട്ട കോഴ്സിൽ വിദ്യാർത്ഥി മുൻ സെമസ്റ്ററുകളിൽ നേടിയ വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (Weighted Grade Point Average) കണക്കാക്കുന്നു. മുൻ സെമസ്റ്ററുകളിലെ കോഴ്സുകൾ ഒരുമിച്ച് പരിഗണിക്കുകയാണെങ്കിൽ, റാങ്കിംഗിനായി ആവറേജ് ഗ്രേഡ് പോയിന്റ് ആണ് കണക്കിലെടുക്കുക.

തുല്യ മാർക്ക് (Tie) വരുന്ന സാഹചര്യത്തിൽ, അത് പരിഹരിക്കുന്നതിനുള്ള ആദ്യ മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നത് വിദ്യാർത്ഥി നേടിയ SGPA ആണ് ( മുൻ സെമസ്റ്ററുകൾ ഒരുമിച്ച് പരിഗണിക്കുകയാണെങ്കിൽ SGPA-കളുടെ ശരാശരി).

ഈ ഘട്ടത്തിന് ശേഷവും തുല്യത (Tie) തുടരുകയാണെങ്കിൽ, ബന്ധപ്പെട്ട കോഴ്സിൽ മുൻ സെമസ്റ്ററുകളിൽ വിദ്യാർത്ഥി എക്സ്റ്റേണൽ പരീക്ഷയിൽ നേടിയ ഏറ്റവും ഉയർന്ന ആകെ മാർക്ക് (രണ്ടോ അതിലധികമോ സെമസ്റ്ററുകൾ ഒരുമിച്ച് പരിഗണിക്കുകയാണെങ്കിൽ അതിന്റെ ശരാശരി) തുല്യത പരിഹരിക്കുന്നതിനുള്ള രണ്ടാമത്തെ മാനദണ്ഡമായി

നിശ്ചയിരിക്കുന്നു.

6) മെറിറ്റ്/ മാനേജ്മെന്റ് പരിഗണിക്കാതെ ബന്ധപ്പെട്ട കോളേജുകളിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫർ അനുവദിക്കുന്നതാണ്. സർവകലാശാല കോളേജ് ട്രാൻസ്ഫർ റെഗുലറൈസ് ചെയ്ത് ഉത്തരവാക്കിയതിന് ശേഷം, വിദ്യാർത്ഥി കോളേജ് ട്രാൻസ്ഫർ റദ്ദാക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിഗണിക്കുന്നതല്ല.

7) Discontinued / Year out ആയ വിദ്യാർത്ഥികൾക്ക്, FYUGP റെഗുലേഷനിലെ വ്യവസ്ഥകൾക്ക് വിധേയമായി റീ - അഡ്മിഷനോടുകൂടിയ കോളേജ് ട്രാൻസ്ഫർ അനുവദനീയമാണ് .

8) കോളേജ് ട്രാൻസ്ഫർ വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മുൻ സെമസ്റ്ററിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. Discontinued / Year out ആയ വിദ്യാർത്ഥികൾക്ക് കോളേജ് ട്രാൻസ്ഫർ അനുവദിക്കുന്നതല്ല. നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ പഠന കാലയളവിൽ ഒരു വിദ്യാർത്ഥിയ്ക്ക് ഒരു തവണ മാത്രമേ കോളേജ് ട്രാൻസ്ഫറിന് അർഹതയുള്ളൂ. ആയതിനാൽ മുൻ സെമസ്റ്ററുകളിൽ മേജർ മാറ്റത്തോട് കൂടിയോ അല്ലാതെയോ കോളേജ് ട്രാൻസ്ഫർ ലഭിച്ച വിദ്യാർത്ഥികൾ വീണ്ടും കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.

9) ഓട്ടോണമസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഓട്ടോണമസ് പദവിയില്ലാത്ത മറ്റ് അഫിലിയേറ്റഡ് കോളേജുകളിലേക്ക് കോളേജ് മാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

10) ഓട്ടോണമസ് പദവിയില്ലാത്ത കോളേജുകളിൽ നിന്ന് സർവകലാശാലാ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓട്ടോണമസ് കോളേജുകൾ ഒഴികെയുള്ള മറ്റ് അഫിലിയേറ്റഡ് ഓട്ടോണമസ് കോളേജുകളിലേക്കുള്ള കോളേജ് ട്രാൻസ്ഫറിനായി, വിദ്യാർത്ഥികൾ ബന്ധപ്പെട്ട ഓട്ടോണമസ് കോളേജിനെ സമീപിക്കേണ്ടതാണ്.

11) പരീക്ഷാ ക്രമക്കേടിന് ആരോപണ വിധേയരായ വിദ്യാർത്ഥികൾ (Suspected Malpractice ) കോളേജ് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് അർഹരല്ല.

12) മേജർ നിലനിർത്തിക്കൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും , സംശയനിവാരണത്തിനുമായി കോളേജുകളിലെ അക്കാഡമിക് കോർഡിനേറ്റർമാരുടെയും , അഡ്മിഷൻ നോഡൽ ഓഫീസർമാരുടെയും സഹായം വിദ്യാർത്ഥികൾക്ക് ആവശ്യപ്പെടാവുന്നതാണ്.

13) CUFYUGP റെഗുലേഷന്റെ പരിധിയിൽ വരാത്ത പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

14) മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

15) മേൽ പറഞ്ഞ നിയമങ്ങളിലും വ്യവസ്ഥകളിലും ഉൾപ്പെടാത്ത വിഷയങ്ങൾ സർവകലാശാലയുടെ അന്തിമ തീരുമാനത്തിന് വിധേയമാണ്.

Prof.(Dr.) Sebastian C. D.

Registrar

# UNIVERSITY OF CALICUT

## Academic Year 2026-27

## Schedule (Revised) for Inter-Collegiate and Inter-University Transfer

127241/DOA-ASST-8/2026/Admn (I) 25.06.2026

| Sl No. | Activity | Date &Time |
|---|---|---|
| 1. | Reporting Seat Vacancy (by the colleges) | 20.06.26 to 25.06.26 1 P.M |
| 2. | Online Application for College Transfer | 25.06.26 to 30.06.26 12 P.M |
| 3. | College Transfer: Publication of Rank List | 01.07.26 4 P.M |
| 4. | Admission and Uploading of Student details. | 01.07.26 to 06.07.26 2.00 PM |
| 5. | Online Application for Inter University Transfer (IUT) | 07.07.26 to 10.07.26 |
| 6. | IUT: Publication of Rank List. | 13.07.26 |
| 7. | IUT: Admission and Uploading Student details. | 14.07.26 to 16.07.26 |

Rajeevan Mundayat Valappil
Deputy Registrar

* Disclaimer : *The transfer schedule is subject to administrative alterations or revisions by the University, as and when deemed necessary.*